# പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത 09/07/2013 - ൽ മറുപടിക്ക്

ചോദ്യം നമ്പർ : 6162

## തീരദേശ റോഡുകൾ നിർമ്മിക്കുന്നതിന് പദ്ധതി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി<br>ശ്രീ. എം.പി. വിൻസെന്റ്<br>ശ്രീ. വർക്കല കഹാർ<br>ശ്രീ. ലൂഡി ലൂയിസ് | | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) : |
| (എ) സംസ്ഥാനത്ത് തീരദേശ റോഡുകൾ നിർമ്മിക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ ; വിശദമാക്കുമോ ; | (എ) | ഉണ്ട്. ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന്റെ കീഴിൽ തീരദേശ റോഡ് പുനരുദ്ധാരണത്തിന് '4405-00-800-80' എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തി തീരദേശ റോഡുകളുടെ പുനരുദ്ധാരണം ഏർപ്പാടാക്കി വരുന്നു. |
| (ബി) പദ്ധതിക്കായി എത്ര തുക നീക്കിവച്ചിട്ടുണ്ട് ; വിശദമാക്കുമോ ; | (ബി) | പ്രസ്തുത പദ്ധതിക്കായി 2013-2014 സാമ്പത്തിക വർഷം 55 കോടി രൂപ നീക്കി വച്ചിട്ടുണ്ട്. |
| (സി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു ? | (സി) | വ്യക്തികളിൽ നിന്നും ജനപ്രതിനിധികളിൽ നിന്നും ലഭിക്കുന്ന നിവേദനങ്ങളിൽ ഉൾപ്പെടുന്ന റോഡുകൾ ലിസ്റ്റിൽ ഉൾക്കൊള്ളിച്ചുകൊണ്ട് സർക്കാർ അനുമതി നൽകുന്ന മുറയ്ക്ക് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതിയ്ക്കായി സമർപ്പിക്കുകയും ഭരണാനുമതി നൽകുന്ന മുറയ്ക്ക് സാങ്കേതികാനുമതി നൽകി ദർഘാസ് ക്ഷണിച്ച് പ്രവൃത്തി ഏർപ്പാടാക്കുകയും ചെയ്തുവരുന്നു. |

സെക്ഷൻ ഓഫീസർ